ഉജ്വൽ യോജനാപദ്ധതിയുടെ ഭാഗമായി കുംബഡാജെയിൽ ബി ജെ പിയുടെ നേതൃത്വത്തിൽ ഗ്യാസ് സിലിണ്ടറുകൾ വിതരണം ചെയ്തപ്പോൾ

ഉജ്വൽ യോജന: ഗ്യാസ് സിലിണ്ടർ നൽകി

കുമ്പഡാജെ: കേന്ദ്ര സർക്കാരിന്റെ ഉജ്വൽ യോജനയുടെ ഭാഗമായി ബിജെപി കുമ്പഡാജെ പഞ്ചായത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 3ാം ഘട്ട ഗ്യാസ് സിലിണ്ടർ വിതരണം മൗവ്വാറിലെ ബിജെപി ഓഫീസിൽ നടന്നു. 25 ഗുണഭോക്താക്കൾക്ക് ഗ്യാസ് സിലിണ്ടർ വിതരണം ചെയ്തു. വ്യാപാരി വ്യവസായി ഏകോപന സമിതി നേതാവ് ഗോപാലകൃഷ്ണൻ സി. എച്ച് ഉദ്ഘാടനം ചെയ്തു. ബിജെപി പഞ്ചായത്ത് കമ്മിറ്റി പ്രസി. ബി രാജേഷ് ഷെട്ടി ആധ്യക്ഷം വഹിച്ചു. ഹരീഷ് ഗോസാഡ, ശശിധരൻ തെക്കേമൂല, സദാശിവ റൈ, യശോദ എൻ, ശൈലജ ഭട്ട്, നളിനി, ശാന്ത എസ് ഭട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

പെർളയിൽ ശൗചാലയമില്ല; യാത്രക്കാരും നാട്ടുകാരും വിഷമത്തിൽ

പെർള: പെർള ടൗണിൽ ശൗചാലയം അടിച്ചിട്ടിരിക്കുന്നതു യാത്രക്കാർക്കും നാട്ടുകാർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നതായി പരാതി.

സംസ്ഥാനാതിർത്തിയിലെ പ്രധാന കേന്ദ്രങ്ങളിലൊന്നായ പെർളയിൽ ദിവസവും വിവിധ സ്ഥലങ്ങളിൽ നിന്ന് ആയിരക്കണക്കിനാളുകൾ എത്തുന്നുണ്ട്. ഇവരിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള യാത്രക്കാർ പ്രാഥമികാവശ്യങ്ങൾക്കു വിഷമിക്കുന്നു. പത്തു വർഷം മുമ്പ് ഇവിടെയുണ്ടായിരുന്ന ഇ-ശൗചാലയം ജനങ്ങൾക്ക് ഉപകാരമല്ലാതായിരിക്കുന്നു. പൈപ്പുകൾ തകരാറിലായതാണ് ഇതിനു കാരണമെന്നു പറയുന്നു. ഇതോടെ ശൗചാലയം തുറക്കാതെയായി. സമീപത്തെ വ്യാപാരികൾ പല തവണ പഞ്ചായത്ത് ഓഫീസിൽ വിവരം അറിയിച്ചെങ്കിലും നടപടി ഉണ്ടായിട്ടില്ലെന്നു പറയുന്നു.

തൊട്ടടുത്തുള്ള ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളിൽ ഒരു ശൗചാലയം ഉണ്ടെങ്കിലും അത് ശുചീകരിക്കാറില്ല. നാറ്റം കൊണ്ട് ആരും അങ്ങോട്ട് പോകാറുമില്ല. പുത്തൂർ, വിട്ള, ബദിയഡുക്ക, സ്വർഗ, പാണാജെ, കുമ്പള, ബാഡൂർ എന്നിവിടങ്ങളിൽ നിന്നു നൂറു കണക്കിന് ആൾക്കാരാണ് പെർള ടൗണിലെത്തുന്നത്. കർണ്ണാടകയിലേക്കും അവിടെ നിന്നും നിരവധി യാത്രക്കാരും ദിവസവും പെർളയിലെത്തുന്നു.ശൗചാലയം ഉടൻ പ്രവർത്തന ക്ഷമമാക്കണെ യാത്രക്കാരുടെ ആവശ്യം.

പെർള ടൗണിൽ അടച്ചിരിക്കുന്ന ശൗചാലയം

കാലം തെറ്റി കണിക്കൊന്ന പൂത്തു

കാസർകോട്: കത്തി ഉരുകുന്ന വേനൽകാലത്ത് പൂക്കേണ്ട കണിക്കൊന്ന കോരിച്ചൊരിയുന്ന മഞ്ഞുകാലത്തു പൂത്തു. കാസർകോട് നഗരസഭാ വനിതാഭവൻ സമീപത്താണ് കാലം തെറ്റി കൊന്ന പൂത്തത്. സാധാരണ ഗതിയിൽ മീനമാസത്തോടെയാണ് കേരളത്തിൽ കണിക്കൊന്നകൾ പൂക്കാറ്. ചൂടിന്റെ കാഠിന്യത്തിനനുസരിച്ച് ചിലപ്പോൾ നേരത്തെയും വൈകിയും പൂവിടാറുണ്ട്. എന്നാൽ ഇത്തവണ വളരെ നേരത്തെ പൂത്തത് കൗതുകത്തിനു ഇടയാക്കി. 30 വർഷത്തിനു ശേഷം അനുഭവപ്പെടുന്ന ഏറ്റവും വലിയ തണുപ്പാണ് ഇത്തവണ സംസ്ഥാനത്ത് ഉണ്ടായത്. ഇത്തരമൊരു സാഹചര്യത്തിലും കൊന്ന പൂത്തത് വലിയ കാലാവസ്ഥാമാറ്റമാണ് സൂചിപ്പിക്കുന്നത്. കാലാവസ്ഥയിലെ മാറ്റവും അന്തരീക്ഷത്തിലെ ഉഷ്മാവും ചെടികളുടെ വളർച്ചയെയും പൂവിടലിനെയും വളരെയേറെ സ്വാധീനിച്ചിട്ടുണ്ടെന്നാണ് ഈ രംഗത്തുള്ളവരുടെ നിരീക്ഷണം.

നഗരസഭാ വനിതാഭവനു സമീപം കണിക്കൊന്ന പൂത്തുലഞ്ഞ നിലയിൽ

മയക്കുമരുന്ന് ഭീകരതയുടെ മറ്റൊരു രൂപം: ജി. ഗോപകുമാർ

പെരിയ: കേരളകേന്ദ്ര സർവ്വകലാശാലാ സാമൂഹിക പ്രവർത്തന വിഭാഗംസംഘടിപ്പിച്ച ദ്വിദിന ദേശീയ സമ്മേളനം വൈസ് ചാൻസലർ പ്രൊഫ. ജി. ഗോപകുമാർ ഉദ്ഘാടനം നിർവ്വഹിച്ചു.

ഭീകരതയുടെ മറ്റൊരു രൂപമാണ് മയക്കുമരുന്ന് എന്ന് അദ്ദേഹം പറഞ്ഞു. ലഹരിവസ്തുക്കളുടെ ദുരുപയോഗം ലോകത്തിന്റെ ഒരതിർത്തിയായ കൊളംബിയ മുതൽ നമ്മുടെ സംസ്ഥാനത്തെ കോവളംവരെ വ്യാപിച്ചു കിടക്കുന്ന മഹാമാരിയാണെന്ന് അദ്ദേഹം പറഞ്ഞു. ഇവിടെയാണ് ലഹരിയുടെ ദുരുപയോഗം തടയുന്നതിനും കൈകാര്യം ചെയ്യുന്നതിനും പൊതു-സ്വകാര്യ-സന്നദ്ധ മേഖലകളുടെസംയോജിത പ്രവർത്തനത്തിന്റെ പ്രസക്തി എന്നദ്ദേഹം കൂട്ടിച്ചേർത്തു.

സാമൂഹിക പ്രവർത്തന വിഭാഗം മേധാവി ഡോ. മോഹൻ എ. കെ. ആധ്യക്ഷം വഹിച്ചു. മുംബൈ കൃപാ ഫൗണ്ടേഷൻ ട്രൈയിനിംഗ് ഡയറക്ടർഡോ. സ്നേഹാൽ മേത്ത മുഖ്യാതിഥിയായിരുന്നു. അബ്സ്ട്രക്ട് ബുക്കിന്റെ പ്രകാശനം ഇഗ്നോയൂണിവേഴ്സിറ്റി മുൻ രജിസ്ട്രാർ പ്രൊഫ. എസ്. വി.എസ്. ചൗധരി നിർവ്വഹിച്ചു. പി. വിജയൻ ഐ.പി.എസ്, ഡോ. എം. ആർ. ബിജു, ഡോ. ജില്ലിജോൺ, മാണികെ.ജെ. സംസാരിച്ചു. ഇരുപത്തഞ്ചോളംസംസ്ഥാനങ്ങളിൽ നിന്നായി 155 പ്രതിനിധികൾ പങ്കെടുത്തു. സമാപനസമ്മേളനത്തിൽ ജില്ലാ കളക്ടർഡോ. ഡി. സജിത് ബാബുമുഖ്യാതിഥിയായിരുന്നു.

സി പി എം ഓഫീസിനു തീയിട്ടു:കേസ്

മഞ്ചേശ്വരം: സി പി എം മഞ്ചേശ്വരം ഏരിയാ കമ്മറ്റിയുടെ ഹൊസങ്കടിയിലെ ഓഫീസിനു തീയിട്ട സംഭവത്തിൽ മഞ്ചേശ്വരം പൊലീസ് കേസെടുത്തു. ഈ മാസം ഒന്നിനായിരുന്നു സംഭവം ഏരിയാ കമ്മറ്റി സെക്രട്ടറി കമലാക്ഷയുടെ പരാതിയിൽ പൊലീസ് അന്വേഷണമാരംഭിച്ചു.

കേരള-കേന്ദ്ര സർവ്വകലാശാലയിൽ നടന്ന ദേശീയ സെമിനാർ ഡോ.ജി.ഗോപകുമാർ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു

കബഡി ചാമ്പ്യൻഷിപ് സമാപിച്ചു

ചെറുവത്തൂർ:ചെറുവത്തൂർ വെങ്ങാട്ടു നടന്ന ജില്ലാ സീനിയർ കബഡി ചാമ്പ്യൻഷിപ്പ് സമാപിച്ചു. പുരുഷ വിഭാഗത്തിൽ യുവജന വെങ്ങാട്ട് സ്പോർട്സ് ക്ലബ്ബും വനിതാ വിഭാഗത്തിൽ റെഡ്സ്റ്റാർ പാലത്തരെയും ചാമ്പ്യൻമാരായി. എം രാജഗോപാലൻ എം എൽ എ ഉദ്ഘാടനം ചെയ്തു. വെങ്ങാട്ടു കുഞ്ഞിരാമൻ ആധ്യക്ഷം വഹിച്ചു. പ്രൊ.കബഡി താരം സാഗർ മുഖ്യാതിഥിയായി. ചന്തേര എസ് ഐ വിപിൻ ചന്ദ്രൻ സമ്മാന വിതരണം നടത്തി.

സംസ്കൃതം ദേശീയ സെമിനാർ സംഘാടക സമിതി രൂപീകരണം കാസർകോട് മുൻസിപ്പൽ കൗൺസിലർ റാഷിദ് പൂരണം ഉദ്ഘാടനം ചെയ്യുന്നു.

കുടുംബ സംഗമം 27ന്

കാസർകോട്: കേരളാ സ്റ്റേറ്റ് സ്മോൾ ഇന്റസ്ട്രീസ് അസോ. ജില്ലാ യൂണിറ്റ് കുടുംബ സംഗമം 27ന് പടന്നക്കാട് നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

സി പി എം ഓഫീസ് അക്രമം:പ്രതിഷേധ പ്രകടനം നടത്തി

ബദിയഡുക്ക: പാർട്ടി ഓഫീസിനു നേരെ അക്രമം നടത്തിയതിൽ പ്രതിഷേധിച്ച് ബദിയഡുക്ക ടൗണിൽ സി പി എം പ്രവർത്തകർ പ്രകടനം നടത്തി. കൃഷ്ണ, രവികിരൺ റൈ, ശങ്കര നേതൃത്വം നൽകി. പുത്തൂർ റോഡിലുള്ള സി പി എം ലോക്കൽ കമ്മിറ്റി ഓഫീസാണ് അക്രമിക്കപ്പെട്ടത്. സംഭവത്തിൽ പൊലീസ് കേസെടുത്തു.

അനുശോചനം

കാസർകോട്: അന്തരിച്ച സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ മുശാവറ വൈസ് പ്രസിഡണ്ട് അബ്ദുൾ ജബ്ബാർ മുസ്ലിയാർ കാലത്തെ കർമ്മം കൊണ്ടു തിരുത്തിയ പണ്ഡിതനായിരുന്നെന്ന് എസ്.കെ.എസ്.എസ്.എഫ് മീഡിയാവിംഗ് അനുസ്മരിച്ചു.

ഇർഷാദ് ഹുദവി ബെദിര, പി.എച്ച്.അസ്ഹരി, അബ്ദു റഹ്മാൻ, ബഷീർ അഹമ്മദ് എന്നിവരും അനുശോചനമറിയിച്ചു.

ജൂനിയർ റെഡ് ക്രോസ് ജില്ലാ ക്യാമ്പ്

കാസർകോട്: ജൂനിയർ റെഡ്ക്രോസ് ജില്ലാ ക്യാമ്പ് തളങ്കര ദഖീറത്ത് സ്കൂളിൽ ആരംഭിച്ചു. ട്രാഫിക് ബോധവത്കരണ സെമിനാർ, മതസൗഹാർദ റാലി, പ്രകൃതിപഠനം തുടങ്ങിയവ ക്യാമ്പിൽ സംഘടിപ്പിക്കും. വിവിധ സ്കൂളുകളിൽ നിന്നുള്ള 200 വോളണ്ടിയർമാരും 50 അദ്ധ്യാപകരും പങ്കെടുക്കുന്നു. കാസർകോട് ഡി.ഇ.ഒ നന്ദികേശൻ ഉദ്ഘാടനം ചെയ്തു. മാനേജർ എം.എ ലത്തീഫ്, മീത്തൽ അബ്ദുല്ല, പി.ടി.എ പ്രസിഡണ്ട് എം. ഖമറുദ്ധീൻ, പ്രിൻസിപ്പാൾ ആർ.എസ് രാജേഷ് കുമാർ, സ മീർ, പി.പി. ശ്യാമള പ്രസംഗിച്ചു. ക്യാമ്പിന്റെ ഭാഗമായി നടന്ന റാലി എ.എസ്പി ഡി.ശില്പ ഫ്ളാഗ് ഓഫ് ചെയ്തു.

ജൂനിയർ റെഡ്ക്രോസ് ജില്ലാ ക്യാമ്പിന്റെ ഭാഗമായി നടന്ന റാലി എ.എസ്പി ഡി.ശില്പ ഫ്ളാഗ് ഓഫ് ചെയ്യുന്നു

സംഘാടക സമിതി രൂപീകരിച്ചു

കാസർകോട്: കേരള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശാനുസാരമുള്ള സംസ്കൃതം ദേശീയ സെമിനാർ 19ന് കാസർകോട് മുൻസിപ്പൽ കോൺഫറൻസ് ഹാളിൽ നടക്കും.സംഘാടക സമിതി രൂപീകരിച്ചു. ഡോ. ഗിരീഷ് ചോലയിൽ ആധ്യക്ഷം വഹിച്ചു.

റാഷിദ് പൂരണം ഉദ്ഘാടനം ചെയ്തു.ഡി.പി.ഐയിലെ സംസ്കൃതം സ്പെഷൽ ഓഫീസർ ഡോ.ടി.ഡി.സുനീതി ദേവി സെമിനാർ നടപടി ക്രമങ്ങൾ വിശദീകരിച്ചു. ഡി.ഇ.ഒ നന്ദികേശൻ, അഗസ്റ്റിൻ ബർണാഡ്, കൈലാസ മൂർത്തി, വിജയകുമാർ, ദിനേശ.കെ, ജയരാജ് ടൗൺ ജി.യുപി സ്കൂൾ പ്രധാനാധ്യാപകൻ രാജേശ്വര.എച്ച്, സ്കൂൾ പി.ടി.എ പ്രസിഡണ്ട് ഗണേഷ് കുമാർ, സംസ്കൃതാധ്യാപക ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി പി. എൻ മധുസൂദനൻ സംസ്കൃതാധ്യാപക കൗൺസിൽ സംസ്ഥാന സെക്രട്ടറി ഡോ. സുനിൽകുമാർ, ജില്ലാ സെക്രട്ടറി നന്ദകുമാർ.കെ പ്രസംഗിച്ചു.

ക്ഷേത്രയോഗം 13ന്

നീലേശ്വരം: പട്ടേന സുവർണ്ണവല്ലി മഹാവിഷ്ണു ക്ഷേത്ര നവീകരണ സപ്താഹ കമ്മിറ്റിയുടെ യോഗം 13 ഉച്ചയ്ക്ക് 2.30ന് ക്ഷേത്രത്തിൽ ചേരും. സബ്കമ്മിറ്റി ചെയർമാൻ, കൺവീനർമാർ, അംഗങ്ങൾ എന്നിവർ സംബന്ധിക്കണമെന്നു ജനറൽ കൺവീനർ വി ഗണപതി നമ്പൂതിരി അറിയിച്ചു.

റാത്തീബ് നേർച്ചയും മതപ്രഭാഷണവും നാളെ മുതൽ

കുമ്പള: കണ്ണൂർ മുബീനുൽ ഇസ്ലാം ദഫ് സംഘത്തിന്റെ ആഭിമുഖ്യത്തിലുള്ള റാത്തീബ് നേർച്ചയും ദഫ് സംഘത്തിന്റെ 25-ാം വാർഷികവും നാലു ദിവസത്തെ മതപ്രഭാഷണവും നാളെ മുതൽ 14 വരെ നടക്കും.

നാളെ ഉച്ചയ്ക്ക് രണ്ടിന് പതാക ഉയർത്തൽ ടി.കെ.അബ്ദുൽ റഹ്മാൻ നിർവ്വഹിക്കും. രാത്രി ഏഴിനു ടി.കെ. അബ്ദുൽ റഹ്മാന്റെ അധ്യക്ഷതയിൽ മതപ്രഭാഷണ ഉദ്ഘാടനവും കുടുപ്രാർത്ഥനയും സയ്യിദ് കെ.എസ്.മുഖ്താർ തങ്ങൾ കുമ്പോൽ നിർവ്വഹിക്കും. കെ.ബി.മമ്മു സ്വാഗതം പറയും. അബ്ദുൽ റഷീദ് കാമിൽ സഖാഫി പ്രഭാഷണം നടത്തും. സിംസാറുൽ ഹഖ് ഹുദവി മുഖ്യപ്രഭാഷണം നടത്തും.

എസ്. എ. ആമു ഹാജി, കെ.എം. മുനീർ, എം.മൊയ്തീൻ കുഞ്ഞി ഹാജി, ടി.ഷരീഫ് സംസാരിക്കും. 12ന് രാത്രി ഏഴിനു ശാഫിർ ബാഖഫി മമ്പാട്, 13ന് ഹാമിദ് യാസീൻ ജൗഹരി അൽ-മദനി പ്രഭാഷണം നടത്തും. 14നു കൂട്ടുപ്രാർത്ഥനയ്ക്കു സയ്യിദ് എൻ. പി. എം സൈനുൽ ആബിദീൻ തങ്ങൾ അൽബുഖാരി നേതൃത്വം നൽകും. ഖലീൽ ഹുദവി കല്ലായം പ്രഭാഷണം നടത്തും. 15ന് ദഫ് റാത്തീബ് നേർച്ച മഗ്രിബിനു ശേഷം ചരണി വിതരണത്തോടെ സമാപിക്കും.

പാൻടെക്ക് സുരക്ഷാ പ്രൊജക്ടിന്റെയും സഭയുടെയും സംയുക്ത ആഭിമുഖ്യത്തിൽ തുടങ്ങിയ കരുതൽ പരിപാടിയുടെ ഉദ്ഘാടനം ഡയറക്ടർ കൂക്കാനം റഹ്മാൻ ആദ്യ തുക കൈമാറി നിർവ്വഹിക്കുന്നു. രതീഷ് അമ്പലത്തറ, വിപിൻ, അശ്വിനി രാജ്, സുനന്ദ ചടങ്ങിൽ സംബന്ധിച്ചു.

തുരുത്തി ശാഖ മുസ്ലീം യൂത്ത് ലീഗ് വീണ്ടും മരുന്നുകൾ കൈമാറി

കാസർകോട് : തുരുത്തി ശാഖ മുസ്ലിം യൂത്ത് ലീഗ് ശേഖരിച്ച മരുന്നുകൾ ശാഖ എം.എസ്.എഫ് സമ്മേളന വേദിയിൽ വെച്ച് സി. എച്ച് സെന്ററിലേക്ക് കൈമാറി. സി. എച്ച് സെന്ററിലേക്കുള്ള എട്ടാം ഘട്ട മരുന്ന് കൈമാറ്റം മുസ്ലിം യൂത്ത് ലീഗ് ദേശീയ കമ്മിറ്റി അംഗം ഷിബു മീരാൻ, എം.എസ്.എഫ് ദേശീയ സെക്രട്ടറി എൻ. എ കരീം എന്നിവർക്ക് ശാഖ പ്രസിഡന്റ് ഹബീബ് ടി.കെ നൽകി. ഹാഷിം ചെർക്കള,സൽമാൻ ഹനീഫ്, സി.ഐ.എ ഹമീദ്, ഷജീർ ഇക്ബാൽ, ടി. കെ അഷ്റഫ്, ടി. എച്ച് മുഹമ്മദ്, ടി. എ. എം ഷാഫി, അഷ്റഫ്, എ. എൻ അബ്ദുൽ റഹിമാൻ ഹാജി,ബി എസ് സൈനുദ്ദീൻ, ടി. യു സലീം, അബൂബക്കർ, റസാഖ് ഗ്രീൻ, നവാസ് തുരുത്തി, അഷ്ഫാഖ് അബൂബക്കർ,സി. ജുനൈദ്, ഷഫീഖ് കെ.കെ.പി, ജാസിർ ടി. എസ്, ഖലീൽ അബൂബക്കർ, എ. എച്ച് ഹബീബ്, ബി. എസ് സാബിത്ത്, ജസീൽ കെ. കെ. പി, മുബഷീർ, ബി. എസ്. നിസാമുദ്ദീൻ പങ്കെടുത്തു.

തുരുത്തിശാല മുസ്ലീംലീഗ് ശേഖരിച്ച മരുന്നുകൾ സി എച്ച് സെന്ററിലേക്കു ഭാരവാഹികൾ കൈമാറുന്നു

പുസ്തക പ്രകാശനം നടത്തി

ദേളി: സഅദിയ്യ ദഅവാ കോളേജ് വിദ്യാർത്ഥി സംഘടന ഓർക്കിഡ്, പബ്ലിക്കേഷൻ ഡിവിഷന്റെ കീഴിൽ പുറത്തിറക്കിയ ജഅ്ഫർ സഅദി എംഎ തൃക്കരിപ്പൂർ രചിച്ച" ഇസ്ലാമിക കഥകൾ" എന്ന പുസ്തകം പ്രകാശനം ചെയ്തു.സഅദിയ്യ താജുൽ ഉലമാ നൂറുൽ ഉലമാ ആണ്ടുനേർച്ചയുടെ ഉദ്ഘാടന സംഗമത്തിൽ സഅദിയ്യ മുദരിസ്കെകെ ഹുസൈൻ ബാഖവി ഉസ്താദ് ഹമീദ് ഈശ്വരമംഗലത്തിന് നൽകിയാണ് പ്രകാശനം നിർവ്വഹിച്ചത്.

ജഅ്ഫർ സഅദി എംഎ തൃക്കരിപ്പൂർ രചിച്ച " ഇസ്ലാമിക കഥകൾ" എന്ന പുസ്തകം കെകെ ഹുസൈൻ ബാഖവി ഹമീദ് ഈശ്വരമംഗലത്തിന് നൽകി പ്രകാശനം ചെയ്യുന്നു.

എൽ.പി.എസ്.ടി അധ്യാപക നിയമനം: റവന്യൂ മന്ത്രിക്ക് നിവേദനം നൽകി

കാസർകോട്: എൽപിഎസ്.ടി അധ്യാപക നിയമനവുമായി ബന്ധപ്പെട്ട നിയമ തടസ്സങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് എൽ.പി.എസ്.ടി റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ, എകെഎസ്ടിയു നേതാക്കളുടെ സാന്നിധ്യത്തിൽ മന്ത്രി ഇ. ചന്ദ്രശേഖരന് നിവേദനം നൽകി. ആവശ്യമായ ഇടപെടൽ നടത്തി അധ്യാപക നിയമനം വേഗത്തിലാക്കാൻ ശ്രമിക്കാമെന്ന് നിവേദക സംഘത്തിലുണ്ടായിരുന്ന എ. കെഎസ്ടിയു സംസ്ഥാന കൗൺസിലംഗം കെപത്മനാഭൻ ,ജില്ലാ പ്രസിഡണ്ട് കെവിനോദ്കുമാർ, ജോയിന്റ് സെക്രട്ടറി ടിഎഅജയകുമാർ, റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ ഭാരവാഹികളായ രഞ്ജിത, ശ്രീജ, കൃപാ ജ്യോതി എന്നിവരെ മന്ത്രി അറിയിച്ചു.

ഫുട്ബോൾ ടൂർണ്ണമെന്റ് :ഹിറ്റാച്ചി എഫ് സി ജേതാക്കൾ

ചെറുവത്തൂർ: രണ്ടാഴ്ചക്കാലമായി തൃക്കരിപ്പൂർ മിനി സ്റ്റേഡിയത്തിൽ നടന്നുവന്ന മുനവ്വിർ സിറ്റി സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റിൽ ഹിറ്റാച്ചി എഫ് സി ജേതാക്കളായി. ഹീറോസ് എഫ് സി ജേതാക്കളായി.

ഹീറോസ് ഒളവറ റണ്ണേഴ്സപ്പായി. സമാപന പരിപാടി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ ജി സി ബഷീർ ഉദ്ഘാടനം ചെയ്തു. എ പി അബ്ദു റസാഖ് ആധ്യക്ഷം വഹിച്ചു.എൻ കെ പി അബ്ദുൾ അസീസ് മുഖ്യാതിഥിയായി. ചന്തേര എസ് ഐ വിപിൻ ചന്ദ്രൻ കളിക്കാരെ പരിചയപ്പെട്ടു.

സിനിമ
കാസർകോട്

കാർണിവൽ മെഹബൂബ്
7400026833
For online booking
www.carnivalcinemas.com
ഞാൻ പ്രകാശൻ
(10.30, 1.30, 4.30, 7.30)
PETTA (തമിഴ്)
(10.30,1.30,4.30,7.30,10.30PM)
VISWASAM(തമിഴ്)
(10.30,1.30,4.30,7.30,10.30PM)
ENTE-UMMANTE-PERU(മല)
(10.30, 7.30)
KGF(M)
(1.30, 4.30, 10.00)
MAARI-2 (തമിഴ്)
(10.30, 1.30,4.30, 7.30)

മൂവിമാക്സ് സർക്കിൾ
ഒടിയൻ
(10.00, 12.45, 3.30, 6.30, 9.30)
ഞാൻ പ്രകാശൻ
(12.45, 3.30, 6.30, 9.30)
പ്രേതം-2
(10.00, 12.45, 6.30, 9.30)
തട്ടിൻപുറത്ത് അച്യുതൻ
(10.00, 3.30)
For online booking
www.moviemaxcirclee.com

സിനി കൃഷ്ണ A/C 2 K
For online booking
www.srikrishnatheatre.com
QUBE Projecter DOLLB 7.1
KGF(M)
(10.00, 12.45, 3.30, 6.30, 9.30)
ADANGA MARU
Tamil (12.45, 6.30,)
BUMBLEBEE
TRANSFORMER
Hindi (10.00, 3.30, 6.30)

ABVP IHRD UNIT, KUMBLA
College Union 2018-19
College Union Working Fund
Lucky Dip Result
Bumper Prize- **4242**
Consolation Prizes
I-1630, II- 5581, III- 4222,
IV- 7653, V- 8607
Contact No.
9746304288, 7511102800

ചെമ്മനാട് പഞ്ചായത്ത് പ്രവാസി ഹരിത സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്- 487
മുണ്ടാങ്കുലം ചെമ്മനാട്, പി ഒ ചെമ്മനാട്- 671317
ഫോൺ: 9074994128, 6238140170

സെക്രട്ടറി തസ്തികയിലേക്ക്
അപേക്ഷ ക്ഷണിക്കുന്നു

സംഘത്തിന്റെ സെക്രട്ടറി തസ്തികയിലേക്ക് സഹകരണ നിയമപ്രകാരം യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.
ശമ്പളം : പ്രതിമാസം മൊത്തശമ്പളം 6000 രൂപ
യോഗ്യത, പ്രായ പരിധി : സഹകരണ നിയമ പ്രകാരം
അപേക്ഷകൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം 2019 ജനുവരി 24ന് വൈകിട്ട് 4 മണിക്ക് മുമ്പായി സംഘം ഓഫീസിൽ നേരിട്ടോ, തപാലിലോ എത്തിക്കുക.
ചെമ്മനാട് ഒപ്പ്
09-01-19 പ്രസിഡണ്ട്

കേരളാ ദിനേശ് ബീഡി
ബദിയഡുക്ക ബീഡി തൊഴിലാളി വ്യവസായ സഹകരണ സംഘം
ക്ലിപ്തം നമ്പർ S.(IND)C.88 ബദിയഡുക്ക, പി ഒ പെർഡാല.

വാർഷിക പൊതുയോഗ നോട്ടീസ്

മാന്യമെമ്പർമാരെ,
കേരളാ ദിനേശ് ബീഡി ബദിയഡുക്ക ബീഡി തൊഴിലാളി വ്യവസായ സഹകരണ സംഘത്തിന്റെ വാർഷിക പൊതുയോഗം 2019 ജനുവരി മാസം 17-ാം തീയ്യതി വ്യാഴാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ബദിയഡുക്ക ഹെഡ്ക്വാഫീസിൽ വെച്ച് ചേരുന്നതാണ്. തദവസരത്തിൽ എല്ലാ മെമ്പർമാരുടെയും സാന്നിധ്യം സാദരം ക്ഷണിച്ചു കൊള്ളുന്നു.
ബദിയഡുക്ക എന്ന്, കൽപ്പനപ്രകാരം
14.12.2018 (ഒപ്പ്) സെക്രട്ടറി

അജണ്ട
1. സ്വാഗതം
2. അദ്ധ്യക്ഷ പ്രസംഗം
3. 2017-18 വർഷത്തെ പ്രവർത്തന റിപ്പോർട്ട്,വരവ്-ചിലവ് കണക്ക്, വ്യാപാര ലാഭ-നഷ്ടക്കണക്ക്, ആസ്തി-ബാധ്യതാ പട്ടിക എന്നിവ അംഗീകരിക്കൽ
4. 2017-18 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിക്കൽ
5. 2019-2020 വർഷത്തെ കരട് ബഡ്ജറ്റ് അംഗീകരിക്കൽ.
6. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും ന്യൂനതാ പരിഹാര നിർദ്ദേശങ്ങളും അംഗീകരിക്കൽ
7. ചോദ്യങ്ങളും പ്രമേയങ്ങളും
8. അധ്യക്ഷന്റെ അനുമതിയോടെ വരാവുന്ന മറ്റിനങ്ങൾ.
9. ആശംസാ പ്രസംഗം
10. നന്ദി പ്രകടനം

കുറിപ്പ്: 1. 2017-18 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, വരവ് ചിലവ് കണക്ക്, വ്യാപാര ലാഭ നഷ്ട കണക്ക്, ആസ്തിബാദ്ധ്യതാ പട്ടിക, മേൽ വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ്, 2019-2020 വർഷത്തേക്കുള്ള കരട് ബഡ്ജറ്റ് എന്നിവ സംഘം ഹെഡ്ക്വോഫീസിലേയും ബ്രാഞ്ചുകളിലേയും നോട്ടീസ് ബോർഡുകളിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്.
2. ചോദ്യങ്ങളോ, പ്രമേയങ്ങളോ അയക്കാൻ ആഗ്രഹിക്കുന്ന മെമ്പർമാർ ആയവ 15-01-2019 ാം തീയ്യതി വൈകുന്നേരം 5 മണിക്ക് മുമ്പായി സംഘം ഓഫീസിൽ ഏൽപിച്ചിരിക്കേണ്ടതാണ്.